എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

**Oorja Pathrika** | A newsletter from **Energy Management Centre - Kerala**

വാല്യം-2, ലക്കം 04, 2021 സെപ്റ്റംബർ 05

# ഇലക്ട്രിക് സ്കൂട്ടറുകൾ കുറഞ്ഞ വിലയിൽ വാങ്ങുവാനുള്ള പോർട്ടൽ സജ്ജമായി

കേരളത്തിൽ ഇലക്ട്രിക് സ്കൂട്ടറുകൾ കുറഞ്ഞവിലയിൽ സബ്സിഡിയോടെ വാങ്ങുവാനുള്ള പോർട്ടൽ 2021 ആഗസ്റ്റ് 1 ന് ബഹു. വൈദ്യുതിവകുപ്പ്മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പ്രകാശനം ചെയ്തു. വെബ്സൈറ്റ് പ്രകാശനത്തെ തുടർന്ന് ഇലക്ട്രിക് സ്കൂട്ടറുകളുടെ പ്രദർശനം നടന്നു. ആഗസ്റ്റ് 1 മുതൽ 4 വരെയാണ് പ്രദർശനം നടന്നത്. അന്നേ ദിവസം ഇലക്ട്രിക് സ്കൂട്ടറുകളുടെ ടെസ്റ്റ് ഡ്രൈവ് ഉദ്ഘാടനം ബഹു. വട്ടിയൂർക്കാവ് എം.എൽ.എ ശ്രീ. വി.കെ. പ്രശാന്ത് നിർവഹിച്ചു.




ബഹു. വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പോർട്ടൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ചടങ്ങിൽ ശ്രീ. രാജേഷ് കുമാർ സിൻഹ IAS, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്, ശ്രീ. വി.സി. അനിൽകുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീ. ജോയി എൻ.ആർ., ചീഫ് ഇന്റസ്ട്രീസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഡോ. ആർ. ഹരികുമാർ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീമതി. മഹുവ ആചാര്യ, എം.ഡി & സി.ഇ.ഒ, സി.ഇ.എസ്സ്.എൽ ശ്രീ. ദിനേശ് കുമാർ എ.എൻ., ജോയിന്റ് ഡയറക്ടർ(i/c), ഇ.എം.സി, എന്നിവരുടെ സാനിധ്യം ഉണ്ടായി.



ശ്രീ. വി.കെ. പ്രശാന്ത് എം.എൽ.എ ഇലക്ട്രിക് സ്കൂട്ടറുകളുടെ ടെസ്റ്റ് ഡ്രൈവ് ഉദ്ഘാടനം ചെയ്യുന്നു

എനർജി മാനേജ്മെന്റ് സെന്ററും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇഎസ്.എൽ ന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്നാണ് പോർട്ടൽ വികസിപ്പിച്ചത്. 6 പ്രമുഖ വൈദ്യുത സ്കൂട്ടർ നിർമാതാക്കളുടെ 10 മോഡൽ വാഹനങ്ങളാണ് പോർട്ടൽ വഴി ലഭ്യമാകുന്നത്.

(പോർട്ടൽ സംബന്ധിച്ച വിശദ വിവരങ്ങൾ പേജ് 4ൽ)

"വൈദ്യുത വാഹനങ്ങളുടെ ഉപയോഗം കുടുംബ ബഡ്ജറ്റ് കുറയ്ക്കുവാൻ സഹായിക്കും. വൈദ്യുതവാഹനങ്ങൾ വാങ്ങുന്നതോടൊപ്പം വീടുകളിൽ ഒരു സോളാർ പ്ലാന്റു കൂടി സ്ഥാപിച്ചാൽ ചിലവ് വീണ്ടും കുറയ്ക്കുവാൻ സാധിക്കും. കേരളത്തിൽ മാർച്ച് മാസത്തിനു മുൻപ് ഒരുലക്ഷം വീടുകളിൽ സോളാർപ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യം വെക്കുന്നു."

– **ശ്രീ. കെ കൃഷ്ണൻകുട്ടി,**
**ബഹു. വൈദ്യുതിവകുപ്പ് മന്ത്രി**

"വർധിച്ചു വരുന്ന പെട്രോൾ – ഡീസൽ വിലയും പ്രകൃതിസംരക്ഷണവും മുന്നിൽ കണ്ടുകൊണ്ട് പൊതുജനങ്ങൾ സർക്കാരിന്റെ പ്രഖ്യാപിത നയമായ ഇലക്ട്രിക് വാഹന പ്രോത്സാഹനത്തിൽ പങ്കാളികളാകണം. വരും കാലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ പ്രസക്തി വ്യക്തമാകുന്ന ഈ ഉദ്യമത്തിൽ യുവജനങ്ങൾ വലിയ പങ്ക് വഹിക്കേണ്ടതായുണ്ട്."

– **കുമാരി. ആര്യ രാജേന്ദ്രൻ**
**മേയർ, തിരുവനന്തപുരം കോർപ്പറേഷൻ**

"പരിസ്ഥിതി സംരക്ഷിച്ചു കൊണ്ട് ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗത്തിൽ വരുത്തുന്നതു വഴി നിരവധി നേട്ടങ്ങൾ നമുക്കുണ്ട്. ഇന്ധനം ലാഭിക്കാൻ കഴിയും എന്നതാണ് പ്രധാന പ്രയോജനം. ഇതു കണക്കിലെടുത്തു കൊണ്ട് വൈദ്യുത വാഹനങ്ങൾ വാങ്ങുവാൻ എല്ലാവരും മുന്നിട്ടിറങ്ങണമെന്ന് അഭ്യർഥിക്കുന്നു."

– **ശ്രീ. വി.കെ. പ്രശാന്ത്,**
**വട്ടിയൂർക്കാവ് എം.എൽ.എ.**

## Message

Policy reform for lowering emissions in the state is now beginning to focus on the transition of the energy system away from fossil fuels. An important aspect to consider along with it is that, the electrification needed will contribute to the demand growth and make adequate renewable generation target, a larger and more daunting goal. The goal should move beyond the goals of INDC of the country. Understanding the energy demand and then building on interactivity between energy utilities and energy users is a crucial step for a timely and feasible energy transition.

In Kerala, Energy Management Centre has consistently worked as the torch bearer of Energy Conservation activities for the State to optimize energy use. The rolling out of Go Electric Campaign and giving contribution for demand aggregation along with the energy efficiency initiatives make the Centre a cornerstone in providing key inputs in the policy making of energy sector.

I am very happy to note that the EMC is publishing a newsletter with latest news on its activities and on the energy sector as a whole. Keeping up-to-date with the latest trends in the world of energy technology is the best way that we can move forward, so as to help the policy makers and general public to come up with the right decision at the right time. I am sure that this newsletter will benefit the people from all walks of life to be informed of what is happening in the energy sector within our State as well as outside.

I wish all the best for this newsletter *Oorja pathrika*.



**Rajesh Kumar Sinha IAS**
Principal Secretary
Department of Power



# Professionals in Building Sector are Invited to Get Empanelled as BEEE

Energy Management Centre-Kerala is providing training for enthusiastic engineers and engineering students to design energy-efficient buildings in compliance with the Energy Conservation Building Code 2017. With this training program, EMC is preparing a cadre of Building Energy Efficiency Experts (BEEE) who will be empanelled by EMC to help the public to design buildings in accordance with the Energy Conservation Building code which is made mandatory vide Government Orders for commercial buildings. The service of these professionals will also be utilised for the state-level implementation of Eco Niwas Samhita (ECBC for Residential buildings), published by the Government of India, which is currently in voluntary mode.

EMC is in the process of creating a Trainer of Trainees for BEEE from Architectural Engineering college faculties in a near future. Engineering and Architectural students are also given the opportunity to get themselves trained in the program to become Building Energy Simulation Experts which is the first milestone to become a BEEE.

For more:
https://qrgo.page.link/siFoS



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256



# ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി നാടിന് സമർപ്പിച്ചു

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പഞ്ചായത്തിൽ ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (8 MW) ഉദ്ഘാടനവും സമർപ്പണവും 2021 ആഗസ്റ്റ് 16 ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. ഊർജ്ജ, കാർഷിക, ജലസേചന പദ്ധതികൾ കോർത്തിണക്കികൊണ്ട് സംയോജിത വൈദ്യുത പദ്ധതികൾ ആവിഷ്കരിക്കാനാണ് സർക്കാർ ഊന്നൽ നൽകുന്നത് എന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി സൂചിപ്പിച്ചു.

ഹൈദരാബാദ് ആസ്ഥാനമായ രാജരത്ന എനർജി ഹോൾഡിങ്സും മിനാർ ഇസ്പാത് ലിമിറ്റഡും സംയുക്തമായാണ് (അനക്കംപൊയിൽ പ്രൈവറ്റ് ലിമിറ്റഡ്) സ്വകാര്യ പങ്കാളിത്തത്തോടെ BOOT വ്യവസ്ഥയിൽ ഈ പദ്ധതി ഒരുക്കിയത്. ഉദ്ഘാടന ചടങ്ങിൽ തിരുവമ്പാടി എം.എൽ.എ. ശ്രീ. ലിന്റോ ജോസഫ് അധ്യക്ഷത വഹിച്ചു.


ഈ പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.സി.ബിയുടെ തമ്പലമണ്ണ സബ്സ്റ്റേഷനിലാണ് എത്തിക്കുന്നത്. 8 മെഗാവാട്ട് ഉൽപാദന ശേഷിയുള്ള പദ്ധതിയിൽ 3.5 മെഗാവാട്ടിന്റെ 2 ജനറേറ്ററുകളും ഒരു മെഗാവാട്ടിന്റെ ഒരു ജനറേറ്ററുമാണ് പവർഹൗസിലുള്ളത്. ഉദ്ഘാടന പരിപാടിയിൽ ശ്രീ. വി.പി. ഷാഹുൽ ഹമീദ് (പ്രൊജക്റ്റ് കോർഡിനേറ്റർ – അനക്കംപൊയിൽ പ്രൈവറ്റ് ലിമിറ്റഡ്) സ്വാഗതം പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ ആർ. ഹരികുമാർ, കെ.എസ്.ഇ.ബി.എൽ ചീഫ് എഞ്ചിനിയർ സ്വാമിനാഥൻ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാബു കളത്തൂർ, കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സ് തോമസ് എന്നിവർ ആശംസകൾ അറിയിച്ചു.

## കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് സെൻസിറ്റൈസേഷൻ ക്യാംപയിൻ



2021 ലെ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡിന് മുന്നോടിയായുള്ള സെൻസിറ്റൈസേഷൻ ക്യാംപയിൻ ആഗസ്റ്റ് 4 ന് സംഘടിപ്പിച്ചു. സെൻസിറ്റൈസേഷൻ ക്യാംപയിൻ ഉദ്ഘാടനം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി നിർവഹിച്ചു. പരിപാടിയിൽ ഇ.എം.സി ഡയറക്ടർ, ഡോ. ആർ ഹരികുമാർ ആദ്ധ്യക്ഷത വഹിച്ചു, ശ്രീ. ദിനേശ്കുമാർ എ എൻ, ഇ.എം.സി. ജോയിന്റ് ഡയറക്ടർ(i/c) സ്വാഗതം ആശംസിച്ചു, ശ്രീ. സന്ദീപ് കെ, എനർജി ടെക്നോളജിസ്റ്റ് നന്ദി പ്രകാശിപ്പിച്ചു.

പരിപാടിയുടെ ഭാഗമായി 2020 ലെ ഊർജ്ജ സംരക്ഷണ അവാർഡ് ജേതാക്കളായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, FACT, മിൽമ കോഴിക്കോട്, കേയ ഫുഡ്സ് ഇന്റർനാഷണൽ (പ്രൈ) ലിമിറ്റഡ് എന്നിവർ ബസ്റ്റ് പ്രാക്ടീസുകൾ അവതരിപ്പിച്ചു.



## ഊർജ്ജ കിരൺ പ്രി പ്രപ്പോസൽ മീറ്റിംഗ് സംഘടിപ്പിച്ചു

2020–21 വർഷത്തിലെ ഊർജ്ജകിരൺ പരിപാടിയുടെ പ്രീ–പ്രപ്പോസൽ മീറ്റിംഗ് സംഘടിപ്പിച്ചു. പരിപാടി ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി ഇ.എം.സി സംസ്ഥാനത്ത് മുന്നോട്ട് വെക്കുന്ന "ഗോ ഇലക്ട്രിക് ക്യാംപയിനെ" മുഖ്യവിഷയമായി സ്വീകരിച്ചു കൊണ്ട് കേരളത്തിലെ പൊതുജനങ്ങൾക്കും, വനിതാ സംരംഭകർക്കും ഇലക്ട്രിക് വാഹനങ്ങൾ, ഇലക്ട്രിക്ക് കുക്കിംഗ് ഉപകരണങ്ങൾ എന്നിവയുടെ സാങ്കേതികവിദ്യകളെക്കുറിച്ചും അതിന്റെ ഉപയോഗം വിപുലപ്പെടുത്തുന്നതിനു വേണ്ടിയുള്ള വിപുലമായ ബോധവത്കരണ പരിപാടി നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

വാഹനങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ബുക്കിംഗിനും www.myev.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ പ്ലേസ്റ്റോറിൽ നിന്ന് MyEV എന്ന മോബൈൽ ആപ്പ് ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കുകയോ ചെയ്യാം.



Hero Electric OPTIMA ER



Hero Electric NYX ER



Hero Electric OPTIMA E5



Hero Electric Photon LP



Ather 450X



Ather 450X Plus



Ampere Magnus



Ampere Zeal



Okinawa Praise Pro



Okinawa Ridge+

Scan QR Code

# 27-47%

## ഗവൺമെന്റ് സബ്സിഡി*

Disclaimer : ഈ പദ്ധതിക്കായി ഇലക്ട്രിക് 2 വീലറുകൾ വാങ്ങുന്നതിനുള്ള ടെൻഡർ പ്രക്രിയ നടത്തിയത് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൻറെ ഒരു ഉപസ്ഥാപനമായ കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡ് ആണ്. ഈ പദ്ധതിയുടെ സാമൂഹിക നേട്ടങ്ങൾ പരിഗണിച്ച്, എനർജി മാനേജ്മെന്റ് സെന്റർ - കേരള ഈ പദ്ധതിയുടെ പ്രചരണപരിപാടികൾക്ക് നേതൃത്വം നൽകുന്നു. പദ്ധതി പ്രകാരം, വിതരണം ചെയ്യുന്ന വാഹനങ്ങളുടെ ഗുണനിലവാരം, ഡെലിവറി, വിൽപ്പനാനന്തര സേവനം എന്നിവ ഉറപ്പുനൽകുന്നത് ഇലക്ട്രിക് വാഹന നിർമ്മാതാക്കളാണ്.

conditions apply*